GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th September 2015

## ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പ് ഡ്യൂട്ടി : സമയപരിധി പുന:ക്രമീകരിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായുള്ള ഉദ്യോഗസ്ഥരുടെ വിവരശേഖരണത്തിന് സമയപരിധി പുന:ക്രമീകരിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. പുതുക്കിയ സമയക്രമം അനുസരിച്ച് സ്ഥാപനങ്ങൾ ഉദ്യോഗസ്ഥരെപ്പറ്റിയുള്ള ഡാറ്റാ ശേഖരണവും, ഡാറ്റാ എൻട്രിയും നിശ്ചിത വെബ്സൈറ്റിൽ (www.edrop.gov.in) ഒക്ടോബർ ഒൻപതിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒക്ടോബർ 12 വരെ ജില്ലാ ഭരണകൂടം ബന്ധപ്പെട്ട ജില്ലയുടെ അപ്‌ലോഡ് ചെയ്ത ഡാറ്റ കൾ പരിശോധിക്കും. ഉദ്യോഗസ്ഥർക്കുള്ള ഡ്യൂട്ടി സ്ഥലം നിശ്ചയിച്ചുകൊണ്ടുള്ള നടപടികൾ 15-ന് മുമ്പും നിയമന ഉത്തരവുകളുടെ വിതരണം 19-ന് മുമ്പും പൂർത്തിയാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒക്ടോബർ 26-ന് മുമ്പ് തന്നെ പരിശീലന / റിഹേഴ്സൽ ക്ലാസ്സുകൾ സംഘടിപ്പിക്കണം. കമ്മീഷൻ നൽകിയിട്ടുള്ള സമയക്രമം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥർക്കുള്ള അറിയിപ്പിൽ പറയുന്നു.

*(എസ്.ഇ.സി. 59/2015)*

## മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ, മേയർ സ്ഥാനങ്ങളിലെ സംവരണം

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ചെയർപേഴ്സൺ/മേയർ സ്ഥാനങ്ങളിൽ നിശ്ചിത എണ്ണം സ്ത്രീകൾക്കും പട്ടിക ജാതി പട്ടിക വർഗ്ഗങ്ങൾക്കും വേണ്ടി സംവരണം ചെയ്തു. ഇതനുസരിച്ച് ആകെയുള്ള 87 മുനിസിപ്പാലിറ്റി സ്ഥാനങ്ങളിൽ 44 എണ്ണം പട്ടിക ജാതിയിൽപ്പെടു ന്നവരുൾപ്പെടെയുള്ള സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പട്ടിക ജാതി വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം ആറും ആ വിഭാഗത്തിലെ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം മൂന്നും ആണ്. ഒരു സ്ഥാനം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ആറ് കോർപ്പറേഷൻ സ്ഥാനങ്ങൾ ഉള്ളതിൽ മൂന്ന് എണ്ണം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

*(എസ്.ഇ.സി. 60/2015)*